# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1102** 06.06.2018 -ലെ മറുപടി

## നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ- കം- ബ്രിഡ്ജിന്റെ ടെൻഡർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.രാജഗോപാലൻ** | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ടെൻഡർ നടപടികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഫയൽ നടപടികളിൽ വലിയ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ സിവിൽ വർക്കിന്റെ പികൃൂ (PQ) ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഫിനാൻഷ്യൽ ബിഡ് 13/07/2017-ൽ ഇറക്കുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മറ്റൊരു കരാറുകാരനായ M/s മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി ബഹു.ഹൈക്കോടതി മുമ്പാകെ ഒരു കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ 27/03/2018-ൽ സർക്കാരിന് അനുകൂലമായി വിധിയായതിനെ തുടർന്ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) | ഈ റെഗുലേറ്ററിന്റെ ടെക്നിക്കൽ വർക്കുകൾ ടെൻഡർ ചെയ്ത് പണി ആരംഭിച്ചിട്ടും സിവിൽ വർക്കുകളുടെ ടെൻഡർ പൂർത്തീകരിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ